# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2373** — 01.04.2013-ൽ മറുപടിക്ക്

## വർദ്ധിച്ച ശിശുമരണനിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ശിശുമരണ നിരക്ക് ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ ശിശുമരണ നിരക്ക് 1000 സജീവ ജനനങ്ങൾക്ക് 12 ആണ്. |
| (ബി) ശിശുമരണ നിരക്ക് കൂടുന്നതിന് കാരണമാകുന്ന ഘടകങ്ങളെപ്പറ്റി പഠനം നടത്തുന്നുണ്ടോ ; എങ്കിൽ ഇതിന് കാരണമാകുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ് ; | (ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല. ഇന്ത്യയിൽ ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. |
| (സി) സർക്കാർ ആശുപത്രി സംവിധാനങ്ങൾ വിപുലീകരിച്ചാൽ പൂർണ്ണ വളർച്ച എത്താത്ത കുട്ടികളുടെ സംരക്ഷണത്തിന് പോംവഴികൾ ഉണ്ടാക്കാൻ കഴിയുമോ ; ഇതിനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ? | (സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ സഹായത്തോടെ കേരളത്തിൽ പ്രസവം നടക്കുന്ന ഗവൺമെന്റ് ആശുപത്രികളിൽ നവജാത ശിശു പരിചരണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ